# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3412 — 20.06.2018-ൽ മറുപടിക്ക്

## പട്ടികജാതി വികസന ആഫീസർ ഗ്രേഡ്-II തസ്തികയിലേക്ക് നിയമനം

ചോദ്യം
ശ്രീ.ചിറയം ഗോപകുമാർ

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതിവികസന വകുപ്പിൽ പട്ടികജാതി വികസന ആഫീസർ ഗ്രേഡ്-II തസ്തികയിലേക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ അനുബന്ധ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നാളിതുവരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഇല്ല. |
| (ബി) | നേരിട്ടുള്ള നിയമന വ്യവസ്ഥപ്രകാരം എത്രപേരെ ഈ തസ്തികയിലേക്ക് നിലവിലുള്ള ലിസ്റ്റിന്റെ കാലത്ത് നിയമിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (ബി) | നേരിട്ടുള്ള നിയമന വ്യവസ്ഥ പ്രകാരം 36 ഉദ്യോഗാർത്ഥികൾക്ക് നിലവിലുണ്ടായിരുന്ന റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | യഥാസമയം നിയമനം നടത്താത്തതിനാൽ വിഷയം കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ട്രൈബ്യൂണൽ നിയമനം നടത്തേണ്ടതിന് ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; | (സി) യും (ഡി) യും | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം റാങ്ക് പട്ടിക റദ്ദാക്കുന്നതിന് മുൻപ് 33 ഒഴിവുകൾ സോപാധികമായി റിപ്പോർട്ട് ചെയ്തിരുന്നു. അതിൽ ഉൾപ്പെടുന്നതും 25.11.2015 ന് മുൻപ് date of occurance വരുന്നതുമായ ഒഴിവുകളിലേക്ക് റദ്ദായ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യുവാൻ ബഹു.കോടതി ഉത്തരവിനെ തുടർന്ന് 18 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ഒരു ഒഴിവു കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| (ഇ) | അഡ്വൈസ് മെമ്മോ കൈപ്പറ്റിയിട്ടും ബന്ധപ്പെട്ട തസ്തികയിൽ എത്ര പേർ ജോയിൻ ചെയ്തിട്ടില്ല എന്ന് അറിയിക്കാമോ;ബന്ധപ്പെട്ട ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിൽ നിലനിൽക്കുന്നുണ്ടോ; ഇല്ലായെങ്കിൽ സമയബന്ധിതമായി പ്രസ്തുത ലിസ്റ്റിൽനിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ